"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.881/2025/LSGD തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.738/2023/തസ്വഭവ; തീയതി 28.03.2023
3. സ.ഉ.(സാധാ) നം.1877/2023/തസ്വഭവ; തീയതി 21.09.2023
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.02.2025 ലെ LSGD/PD/4617/2025-DPLA1 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (1) ലെ മാർഗരേഖ (ഖണ്ഡിക 7.2.13) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോട് അനുബന്ധിച്ച് പഠനമുറി നിർമ്മിച്ചുനൽകുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പരാമർശം (2) പ്രകാരം പരിഷ്കരിച്ചും ഉത്തരവായിട്ടുണ്ട്.

2. പഠനമുറി പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും വ്യത്യസ്ത രീതിയിൽ തുക നൽകുന്നത് ഏകീകരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടതിനെത്തുടർന്ന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകുന്നതു പോലെ നാല് ഗഡുക്കളായി തുക നൽകുന്നത് ഏകീകരിച്ചും ആരംഭ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലുമായി മാത്രം വാല്യുവേഷൻ പരിമിതിപ്പെടുത്തിക്കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആരംഭഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും നിർബന്ധമാക്കിയത് ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് പരാമർശം (3) ഉത്തരവിന്റെ ഖണ്ഡിക 3 ചുവടെ ചേർക്കും വിധം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

"3. പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചശേഷം 30,000/- രൂപ മുൻകൂറായി നൽകാം. 60,000/- രൂപ (ബേസ്മെന്റ് പൂർത്തിയാകുമ്പോൾ), 80,000 രൂപ (മേൽക്കൂര പൂർത്തിയാകുമ്പോൾ), 30,000 രൂപ (പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ) എന്നിങ്ങനെ മൂന്ന് ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം. ഇപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നൽകുന്നതുപോലെ ആകെ നാല് ഗഡുക്കളായി തുക നൽകുന്നത് ഏകീകരിച്ചും ആദ്യ ഘട്ട വാല്യുവേഷൻ ഒഴിവാക്കി പൂർത്തീകരണ ഘട്ടത്തിൽ മാത്രം വാല്യുവേഷൻ പരിമിതപ്പെടുത്തിയും ഉത്തരവാകുന്നു."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
11. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-04-2025 16:31:22
സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്